ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനാംഗീകാരം

176 (2902) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള കോടതി വിധികളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളുമായി ബന്ധപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് നിയമനാംഗീകാരം ഇതുവരെ ലഭിക്കാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ വിവരങ്ങൾ ജില്ല തിരിച്ചും സ്കൂൾ തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഓരോ നിയമനങ്ങൾ അംഗീകരിക്കുന്നതിനും നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും എന്നത്തേക്ക് അംഗീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട നിരവധി കോടതിവിധികൾ ഉണ്ടായിട്ടുണ്ട്. ഏത് കോടതിവിധിയാണ് എന്ന് വ്യക്തമല്ലാത്തതിനാൽ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യതകൾ ഉൾക്കൊള്ളുന്ന നിയമന ചട്ടങ്ങൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും പ്രത്യേകം പ്രത്യേകമായാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയാണ്. നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ ജില്ല തിരിച്ചും സ്കൂൾ തിരിച്ചുമുള്ള കണക്ക് ലഭ്യമല്ല.

(ഡി) നിയമന ചട്ടങ്ങൾ അനുസരിച്ചുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് തടസ്സമില്ല. അത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന നടപടി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly